(ഡി) ഇല്ല.

(ഇ) ഇല്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 283(2) പ്രകാരം കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നുള്ള ധനവിനിയോഗം സംസ്ഥാന സർക്കാരിന്റെ നിയമങ്ങൾക്ക് വിധേയമാണ്. കൺസോളിഡേറ്റഡ് ഫണ്ടിന്റെ കസ്റ്റോഡിയൻ സർക്കാരായതിനാൽ ധനവിനിയോഗം, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് അന്വേഷണം നടത്താൻ സർക്കാരിന് അധികാരമുണ്ട്. ആയതിനാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരിശോധന അംഗീകരിക്കില്ലെന്ന പി.എസ്.സി. യുടെ നിലപാട് അംഗീകരിക്കാനാവില്ല.

റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം

15 (*315) ശ്രീ. സി. മോയിൻ കുട്ടി :

,, അബ്ദുറഹിമാൻ രണ്ടത്താണി :

,, പി. ബി. അബ്ദുൾ റസാക് :

,, കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ എണ്ണം വർഷംപ്രതി വർദ്ധിച്ചുവരുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത സ്ഥിതിവിശേഷത്തിനുള്ള കാരണങ്ങൾ അപഗ്രഥിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ ;

(സി) റോഡപകടങ്ങളും അതുമൂലമുള്ള ജീവഹാനിയും കുറച്ചുകൊണ്ടുവരുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുമോ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ,

(എ-സി) ഉണ്ട്. റോഡപകടങ്ങളിൽ മരണമടയുന്ന ചെറുപ്പക്കാരുടെ മരണനിരക്ക് കൂടാനുള്ള കാരണം ഇരുചക്രവാഹനങ്ങളുടെ ബാഹുല്യമാണ്. 40 മുതൽ 50 ശതമാനം മരണനിരക്കും ഇരുചക്രവാഹനാപകടം മൂലമാണ് സംഭവിക്കുന്നതെന്ന് കണക്കുകൾ വിശദമാക്കുന്നു. സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽ ലഭ്യമായ 2014-ലെയും 2015 സെപ്റ്റംബർ മാസം വരെയുമുള്ള കണക്കുകൾ അനുസരിച്ച് റോഡപകടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

മുൻവർഷങ്ങളെ അപേക്ഷിച്ച് മരണ നിരക്ക് കുറഞ്ഞിട്ടുണ്ട്. അമിതവേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജുകളിലും ഹെവി വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകൾ എന്നിവ വഴി അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ യാത്രാ ബസ്സുകളിലും മുഴുവൻ സമയ നിയന്ത്രണ നിരീക്ഷണത്തിനായി GPS Vehicle Tracking System നടപ്പിൽ വരുത്തുന്നതിനായി C-DAC യുമായി ചേർന്ന് നടപടികൾ പുരോഗിച്ചുവരുന്നു. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഡ്രൈവർമാക്ക് നൽകിവരുന്ന പരിശീലന പരിപാടികളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവരുടെ ലൈസൻസ് കണ്ടുകെട്ടുക, സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാതലങ്ങളിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലങ്ങളിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ വാഹനങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തി പൊതുമരാമത്ത് വകുപ്പ് മുതലായ മറ്റ് വകുപ്പുകളുടെ സഹായത്തോടുകൂടി തിരുത്തൽ നടപടികളും സ്വീകരിച്ചുവരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ പ്രവർത്തനം കൂടുതൽ ഫലവത്തായി നടത്തുന്നതിലേയ്ക്കും വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചുവരുന്നു. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടത്തുന്നുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

16 (*316) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
,, ഹൈബി ഈഡൻ :
,, വി. പി. സജീന്ദ്രൻ :
,, തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly